(ഡി) ശാസ്തമംഗലത്ത് റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഓട നിർമ്മാണത്തിന് തടസ്സമായി പാതയോരത്ത് നിന്നിരുന്ന ഒരു ആൽമരം, അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് ഫണ്ട് ബോർഡ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ മുറിച്ച് മാറ്റുന്നതിന് മുന്നോടിയായി പ്രസ്തുത മരത്തിന്റെ ശിഖരങ്ങൾ കോതുകയുണ്ടായി. എന്നാൽ മരം മുറിച്ച് മാറ്റുന്നതിനെതിരെയായി ശ്രീമതി സുഗതകുമാരി ടീച്ചറിന്റെ നേതൃത്വത്തിലുള്ള പരിസ്ഥിതി പ്രവർത്തകരും, സ്ഥലത്തെ പരിസ്ഥിതി പ്രവർത്തകരും, സ്ഥലത്തെ കൗൺസിൽ പ്രതിനിധികളും, മറ്റ് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെയുള്ള സ്ഥലവാസികളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാവുകയും 9-1-2011 രാത്രിയിൽ നേരിയ തോതിൽ സംഘർഷാവസ്ഥ ഉടലെടുക്കുകയും ചെയ്തു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ വനം വകുപ്പുമന്ത്രി ഇടപെട്ട് അനുരഞ്ജനത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസം രാവിലെ 7 മണിക്ക് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റോഡ് ഫണ്ട് ബോർഡ് ഓഫീസിൽ വച്ച് യോഗം കൂടി തീരുമാനിച്ച പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ചുള്ള കമ്മിറ്റി പരിശോധന തീരുമാനപ്രകാരം പ്രസ്തുത മരം മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആൽ മരം മുറിച്ചു മാറ്റിയിട്ടുണ്ട്. പ്രസ്തുത മരം മുറിയുമായി ബന്ധപ്പെട്ട് അത് തടയാൻ ശ്രമിച്ച ഫോറസ്റ്റ് ഉദ്യോഗസ്ഥനോട് കയർത്തു സംസാരിച്ചവരെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി സംഘർഷാവസ്ഥ പരിഹരിക്കുകയുണ്ടായി.

കണ്ണൻ ദേവൻ കമ്പനിയിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

232(939) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1971-ലെ മൂന്നാർ നിയമമനുസരിച്ച് കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിരുന്നോ ;

(ബി) 1974-ലെ ലാൻഡ് ബോർഡ് തീർപ്പുപ്രകാരം അതിൽ എത്ര ഏക്കർ ഭൂമിയാണ് വനമായി വിജ്ഞാപനം ചെയ്യേണ്ടത് ;

(സി) ഈ വിഷയം പഠിക്കാൻ ഏതെങ്കിലും കമ്മിറ്റികളെ ചുമതലപ്പെടുത്തിയിരുന്നോ ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും നിർദ്ദേശമെന്തെങ്കിലും സംസ്ഥാനസർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) വനഭൂമിയായി വിജ്ഞാപനം ചെയ്തത് എത്ര ഏക്കറാണ് ; ഏറ്റെടുത്തതിൽ ബാക്കി എത്ര ഏക്കർ ഒഴിവാക്കിയിട്ടുണ്ട് ; ഒഴിവാക്കിയതിൽ എത്ര ഭൂമി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒഴിവാക്കിയ ഭൂമിയുടെ വിശദാംശം (വില്ലേജ്, സർവ്വെ നമ്പർ ഉൾപ്പെടെ) നൽകുമോ ;

(ജി) ഈ ഭൂമി ഒഴിവാക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 1971-ലെ Kannan Devan Hills (Resumptions of Leases) Act-ലെ വ്യവസ്ഥകൾ പ്രകാരം 70522.12 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. ഏറ്റെടുത്ത ഭൂമിയുടെ സർവ്വേ നടപടികൾക്കായി 18-4-1980-ലെ ജി.ഒ. (എംഎസ്.) 379/80/റവ നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. സർവ്വേ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല.

(ബി) 29-3-1974-ലെ LB(A)2-522771 നമ്പർ ലാൻഡ് ബോർഡ് തീരുമാനത്തിൽ 70522.12 ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്. ഇതിൽ മേലേച്ചേരി റിവർ വാലിയിൽപ്പെട്ട ഉദ്ദേശം 5000 ഏക്കർ ഭൂമി മാത്രമേ ഭൂരഹിതരായ പാവങ്ങൾക്ക് വിതരണത്തിനായി യോഗ്യമായിട്ടുള്ളു എന്നും ബാക്കി മുഴുവൻ ഭൂമിയും വനമായി നിലനിർത്തേണ്ടതാണെന്നും ടി ലാന്റ് ബോർഡ് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

(സി) സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുടെ വിനിയോഗം ശിപാർശ ചെയ്യുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. പി. ടി. ദേവസ്സി അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ 2-9-1975-ലെ ജി.ഒ. (എംഎസ്.) 993/75/റവ നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ഈ സമിതി താഴെ പറയും പ്രകാരം ഭൂവിനിയോഗം ശിപാർശ ചെയ്തിരുന്നു :

1. ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രത്യേക പൊതു ആവശ്യങ്ങൾക്ക് - 2870 ഏക്കർ
2. പതിച്ച് നൽകുന്നതിന് - 5250 ഏക്കർ
3. പൊതു ആവശ്യങ്ങൾക്ക് നീക്കിവയ്ക്കേണ്ടാത്തതും പതിച്ച് നൽകാൻ യോഗ്യമല്ലാത്തതുമായ ഭൂമി - 62402 ഏക്കർ

സർക്കാർ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പൊതുവേ അംഗീകരിച്ചുകൊണ്ട് 1980-ലും പിന്നീട് ചെറിയ ഭേദഗതിയോടുകൂടി 1988-ലും ഉത്തരവുകൾ പുറപ്പെടുവിച്ചു. 2-11-1988-ലെ ജി.ഒ. (എംഎസ്.) 787/88/റവ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ഭൂവിനിയോഗം താഴെ ചേർക്കുന്നു :

1	യഥാസ്ഥിതിയിൽ നിലനിർത്തേണ്ടത്	43242.55 ഏക്കർ
2	വനവൽക്കരണത്തിന്	17922.00 ഏക്കർ
3	പതിച്ച് നൽകുന്നതിന്	5189.00 ഏക്കർ
4.	ഡയറി ഡവലപ്മെന്റ്	3824.85 ഏക്കർ
5.	ഭവന നിർമ്മാണാവശ്യങ്ങൾക്ക്	272.21 ഏക്കർ
	ആകെ	70451.61 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച കേന്ദ്രസംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ 1971-ലെ കണ്ണൻ ദേവൻ ഹിൽസ് ആക്ട് പ്രകാരം വനവൽക്കരണത്തിനായി നീക്കിവച്ച ഭൂമി എത്രയും വേഗം റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) കണ്ണൻദേവൻ ഹിൽസ് ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയിൽ ഇരവികുളം ദേശീയോദ്യാനമായി 23968.70 ഏക്കറും മാങ്കുളം റിസർവ്വ് വനമായി 22253.37 ഏക്കറും കേന്ദ്ര സമിതിയുടെ സന്ദർശനവും ശിപാർശയും വരുന്നതിന് മുൻപ് തന്നെ വിജ്ഞാപനം ചെയ്തിരുന്നു. കേന്ദ്ര സമിതി റിസർവ്വ് വനമായി പ്രഖ്യാപിക്കുവാൻ നിർദ്ദേശിച്ചതും വനവൽക്കരണത്തിനായി നീക്കി വച്ചിരുന്നതുമായ 17922 ഏക്കറിൽ 17066.49 ഏക്കർ 8-10-2010-ലെ ജി.ഒ.(പി)67/2010/വനം നമ്പരായി കേരള വന നിയമം 4-ാം വകുപ്പ് പ്രകാരം റിസർവ്വ് വനമാക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നതും റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യാൻ ശിപാർശ ചെയ്തിരുന്നതുമായ 17423.119 ഏക്കറിൽ ബ്ലോക്ക് നമ്പർ 16-ൽ സബ് ബ്ലോക്ക് നമ്പർ 3,108 എന്നിവയിൽപ്പെട്ട 45769 ഏക്കർ സെവൻമലയിലും ബ്ലോക്ക് നമ്പർ 26-ൽ സബ് ബ്ലോക്ക് നമ്പർ 51, 52, 53 എന്നിവയിൽപ്പെട്ട 303.41 ഏക്കർ കുറ്റ്യാർവാലിയിലും നോട്ടിഫിക്കേഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം ഒഴിവാക്കിയതുൾപ്പെടെ ബാക്കി ഭൂമി റവന്യൂ വകുപ്പിന്റെ കൈവശമാണ്.

(എഫ്) വനം വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജ് സർവ്വേ ബ്ലോക്ക് നമ്പർ 16-ൽ സബ് ബ്ലോക്ക് നമ്പർ 3, 108 എന്നിവയിൽപ്പെട്ട 45.769 ഏക്കർ സെവൻമലയിലും, ബ്ലോക്ക് നമ്പർ 26-ൽ സബ് ബ്ലോക്ക് നമ്പർ 51, 52, 53 എന്നിവയിൽപ്പെട്ട 303.41 ഏക്കർ കുറ്റ്യാർവാലിയിലുമാണ് നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ജി) കാലാകാലങ്ങളിൽ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾക്കനുസൃതമായി വിവിധ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വേണ്ടിയാണ് മേൽപ്പറഞ്ഞ പ്രകാരം ഭൂമി ഒഴിവാക്കിയിട്ടുള്ളതെന്ന് 8-10-2010-ലെ ജി.ഒ. (പി) 67/2010/വനം നമ്പർ കണ്ണൻ ദേവൻ ഹിൽസ് റിസർവ്വ് സെക്ഷൻ 4 വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്.

മൂന്നാർ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിച്ച സമിതിയുടെ റിപ്പോർട്ട്

233(840) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന്നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകളും കണ്ടെത്തലുകളും എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly